LIBRARY ARCHIVES Kerala Legislative Assembly

കളമ്പുരോഗം ബാധിച്ച് കന്നുകാലികൾ ചത്തൊടുങ്ങിയ സംഭവം

196 (3403) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ വർഷം കളമ്പുരോഗം ബാധിച്ച് എത്ര കന്നുകാലികളാണ് ചത്തൊടുങ്ങിയത് എന്നും ഇതിൽ എത്ര കന്നുകാലികളുടെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകി എന്നും അറിയിക്കുമോ ;

(ബി) കളമ്പുരോഗം ബാധിച്ച് ചത്തൊടുങ്ങിയ കന്നുകാലികളുടെ വിവരശേഖരണത്തിനായി മൃഗസംരക്ഷണ വകുപ്പിനെയാണോ ചുമതലപ്പെടുത്തിയത്;

(സി) ക്ഷീരവികസന വകുപ്പ് പ്രസ്തുത വിഷയം സംബന്ധിച്ച് ശേഖരിച്ച കണക്കുകൾ നൽകിയിട്ടുണ്ടോ; എങ്കിൽ അതു പ്രകാരം എത്ര കന്നുകളാണ് തൃശ്ശൂർ ജില്ലയിൽ കളമ്പുരോഗം ബാധിച്ച് മരണമടഞ്ഞത്;

(ഡി) ക്ഷീരവികസന വകുപ്പിനെയും മൃഗസംരക്ഷണ വകുപ്പിനേയും സഹകരിപ്പിച്ച് സംയുക്തമായി റിപ്പോർട്ടുകൾ ശേഖരിക്കുന്നതിനും പ്രസ്തുത വകുപ്പുകളുടെ ഏകീകരിച്ച പ്രവർത്തനത്തിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മരണപ്പെട്ട കന്നുകാലികൾ

പശു	-	601
കന്നുക്കുട്ടി	-	857
കിടാരി	-	225
എരുമ	-	53
ആകെ	-	1736

നഷ്ടപരിഹാരം

പശു/എരുമ	-	111
കന്നുകുട്ടി	-	116
കിടാരി	-	32
ആകെ	-	259
കർഷകരുടെ എണ്ണം	-	227
നഷ്ടപരിഹാരം നൽകിയ തുക	-	30,50,000

(ബി&സി) കുളമ്പുരോഗം ബാധിച്ച് ചത്തൊടുങ്ങിയ കന്നുകാലികളുടെ വിവരശേഖരണത്തിനായി മൃഗസംരക്ഷണ വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ക്ഷീരവികസന വകുപ്പിൽനിന്നും കണക്കുകൾ ലഭ്യമല്ല.

(ഡി) മൃഗങ്ങളിലെ രോഗവിവര നിർണ്ണയവും ചികിത്സയും സംബന്ധിച്ചുള്ള അറിവും പ്രാഗത്ഭ്യവും മൃഗസംരക്ഷണ വകുപ്പിലാണുള്ളത്.

മുട്ടക്കോഴി/ഇറച്ചിക്കോഴി വളർത്തൽ

197 (3404) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടക്കോഴി/ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കോഴി വളർത്തുന്ന കർഷകർക്ക് നല്കുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും എന്തെല്ലാം ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) കോഴിക്കുഞ്ഞുങ്ങളെയും തീറ്റയും നൽകി, കുഞ്ഞുങ്ങൾ പൂർണ്ണ വളർച്ചയെത്തിയതിനുശേഷം തിരിച്ചെടുക്കുന്ന പദ്ധതി നിലവിലുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(ഡി) തിരിച്ചെടുക്കുന്ന കോഴികളിൽ നിന്നും കർഷകന് ലഭിക്കുന്ന ആദായം എത്രയാണെന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) മുട്ടക്കോഴി/ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കാൻ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശവും ഈ പദ്ധതികളിലൂടെ കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly